# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2407 | 09.12.2014-ലെ മറുപടിയ്ക്ക്

## ക്രഷർ യൂണിറ്റുകളിൽനിന്നുള്ള നികുതി വരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി.കെ.കെ.ലതിക | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമാണവും വകുപ്പുമന്ത്രി) |
| എ | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ക്രഷർ യൂണിറ്റുകളെ ഏതൊക്കെ വിഭാഗങ്ങളായി തിരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ & ബി | കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം മെറ്റൽ ക്രഷർ യൂണിറ്റുകൾ വഴി ഉൽപാദിപ്പിക്കുന്ന മെറ്റലുകളുടെ നികുതിനിരക്ക് 14.5 ശതമാനവും അല്ലാത്തവയ്ക്ക് 5 ശതമാനവുമാണ്. മെറ്റൽ/മാനുഫാക്ചേർഡ് സാന്റിന്റെ നികുതി നിരക്ക് 14.5 ശതമാനമാണ്. മെറ്റൽ/മാനുഫാക്ചേർഡ് സാൻഡ് ഉൽപാദകന്റെയോ വ്യാപാരിയുടെയോ വാർഷിക വിറ്റുവരവ് പത്ത് ലക്ഷം രൂപ കവിയുകയാണെങ്കിൽ വകുപ്പ് 6(1) പ്രകാരം മുകളിൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ വിൽപനവിലയിന്മേൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഈ മേഖലയിലുള്ളവർക്ക് വകുപ്പ് 6(1) പ്രകാരം നികുതി ഒടുക്കുന്നതിന് ബദലായി അവർ തെരഞ്ഞെടുക്കുന്ന പക്ഷം വകുപ്പ് 8 (b) അനുസരിച്ച് കോമ്പൗണ്ടിംഗ് രീതിയിൽ നികുതി ഒടുക്കുവാനുള്ള വ്യവസ്ഥയും നിലവിലുണ്ട്. അതിനായി മെറ്റൽ/മാനുഫാക്ചേർഡ് സാന്റ് ഉൽപാദിപ്പിക്കുന്ന യൂണിറ്റുകളെ അതിനുപയോഗിക്കുന്ന യന്ത്രസാമഗ്രിയുടെ വായ് വട്ടത്തെ അഥവാ ഉൽപാദനക്ഷമതയെ ആസ്പദമാക്കി വർഗ്ഗീകരിച്ച് കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ധനകാര്യനിയമം 2014 പ്രകാരം നിലവിലുള്ള നിരക്ക് അനുബന്ധമായി ചേർക്കുന്നു. |
| ബി | ഓരോ കാറ്റഗറിയിലുംപെട്ട യൂണിറ്റുകൾക്ക് ചുമത്തിയിരിക്കുന്ന നികുതി നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ; | | |
| സി | 2012-13, 2013-14 വർഷങ്ങളിൽ ഓരോ വിഭാഗത്തിലും പെട്ട ക്രഷർ യൂണിറ്റുകളിൽനിന്നും ലഭിച്ച നികുതി വരുമാനം എത്രയെന്ന് വിശദമാക്കുമോ; | സി | 2012-13, 2013-14 വർഷങ്ങളിൽ ക്രഷർ മേഖലയിൽ നിന്നും ആകെ ലഭിച്ച കോമ്പൗണ്ടഡ് നികുതി വരുമാനം ഇപ്രകാരമാണ്. മെഷീനിന്റെ size തിരിച്ചുള്ള വരുമാനം ലഭ്യമല്ല.<br>2012-2013 - 50.83 കോടി<br>2013-2014 - 69.49 കോടി |

| | | | |
|---|---|---|---|
| ഡി | നിശ്ചയിക്കപ്പെട്ട നിരക്കിൽ തന്നെയാണോ ക്രഷർ യൂണിറ്റുകളിൽനിന്ന് നികുതി ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ഡി | അതെ. എന്നാൽ വായ് വട്ടം തെറ്റായി ബോധിപ്പിച്ച് നികുതി ഒടുക്കുന്നവർക്കെതിരെ ആവശ്യമായ നികുതി പുനർനിർണ്ണയം നടത്തുകയും തെറ്റായവിവരം നൽകി നികുതിവെട്ടിപ്പ് നടത്തിയതിന് ശിക്ഷാനടപടികളും സ്വീകരിക്കാറുണ്ട് |
| ഇ | ക്രഷർ യൂണിറ്റുകൾക്ക് നികുതി അടവിന് കോമ്പൗണ്ടിംഗ് സമ്പ്രദായം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഇ | ഉണ്ട്, വിശദാംശങ്ങൾ മുകളിൽ (എ), (ബി) പിരിവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | യന്ത്രസാമഗ്രിയുടെ വിവരണം | ഒടുക്കേണ്ടതായ ഫീസ് നിരക്ക് (പ്രതിവർഷം) |
|---|---|---|
| i | 30.48 cm x 22.86 cm ൽ കൂടുതൽ വായ് വട്ടമില്ലാത്ത ഓരോ ക്രഷിംഗ് യന്ത്രത്തിനും | 80000 രൂപ |
| ii | 30.48 cm x 22.86 cm ൽ കൂടുതലും എന്നാൽ 40.64 cm x 25.40 cm ൽ കൂടുതൽ വായ് വട്ടമില്ലാത്ത ഓരോ ക്രഷിംഗ് യന്ത്രത്തിനും | 3.20 ലക്ഷം രൂപ |
| iii | 40.64 cm x 25.40 cm ൽ കൂടുതൽ വായ് വട്ടമുള്ള ഓരോ ക്രഷിംഗ് യന്ത്രത്തിനും | 6.40 ലക്ഷം രൂപ |
| iv | ഓരോ കോൺ ക്രഷറിനും | 36 ലക്ഷം രൂപ |
| v | മണിക്കൂറിൽ 25 മെട്രിക് ടൺ വരെ ഉൽപാദനശേഷിയുള്ള vertical/ horizontal shaft Impactor മെഷീനുകൾക്ക് | 6.25 ലക്ഷം രൂപ |
| vi | മണിക്കൂറിൽ 25 മെട്രിക് ടൺ-ന് മുകളിലും 50 മെട്രിക് ടൺ വരെയും ഉൽപാദനശേഷിയുള്ള ഓരോ vertical/ horizontal shaft Impactor മെഷീനുകൾക്കോ സമമായ മെഷീനുകൾക്കോ | 12.50 ലക്ഷം രൂപ |
| vii. | മണിക്കൂറിൽ 50 മെട്രിക് ടൺ-ന് മുകളിലും 100 മെട്രിക് ടൺ വരെയും ഉൽപാദനശേഷിയുള്ള ഓരോ vertical/ horizontal shaft Impactor മെഷീനുകൾക്കോ സമമായ മെഷീനുകൾക്കോ | 22.50 ലക്ഷം രൂപ |
| viii. | മണിക്കൂറിൽ 100 മെട്രിക് ടൺ-ന് മുകളിലും 150 മെട്രിക് ടൺ വരെയും ഉൽപാദനശേഷിയുള്ള ഓരോ vertical/ horizontal shaft Impactor മെഷീനുകൾക്കോ സമമായ മെഷീനുകൾക്കോ | 32.50 ലക്ഷം രൂപ |
| ix. | മണിക്കൂറിൽ 150 മെട്രിക് ടൺ-ന് മുകളിലും 200 മെട്രിക് ടൺ വരെയും ഉൽപാദനശേഷിയുള്ള ഓരോ vertical/ horizontal shaft Impactor മെഷീനുകൾക്കോ സമമായ മെഷീനുകൾക്കോ | 45 ലക്ഷം രൂപ |
| x. | മണിക്കൂറിൽ 200 മെട്രിക് ടൺ-ന് മുകളിൽ ഉൽപാദനശേഷിയുള്ള ഓരോ vertical/ horizontal shaft Impactor മെഷീനുകൾക്കോ സമമായ മെഷീനുകൾക്കോ | 60 ലക്ഷം രൂപ |

* ഇപ്രകാരം കോമ്പൗണ്ടിങ് നികുതി കണക്കാക്കുന്നതിൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ആദ്യ മൂന്ന് (i, ii, iii) ഇനങ്ങളിലെ വിവരണത്തിൽപ്പെടുന്ന പ്രൈമറി ക്രഷറുകളും ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം പ്രൈമറി ക്രഷറുകളുടെ നികുതി സെക്കൻഡറി ക്രഷറുകൾക്ക് അടയ്ക്കേണ്ടതായ നികുതിത്തുകയുടെ 50 ശതമാനമാണ്.

* എന്നാൽ, 30.48 cm x 22.86 cm ൽ കൂടുതൽ വായ് വട്ടമില്ലാത്ത ഒറ്റ ക്രഷിങ് മെഷീൻ മാത്രമുള്ള യൂണിറ്റുകൾ പ്രതിവർഷം 30,000 രൂപയും, 30.48 cm x 22.86 cm ൽ കൂടുതലും എന്നാൽ 4064 cm x 25.40 cm ൽ കൂടുതൽ വായ് വട്ടമില്ലാത്ത ഒറ്റ ക്രഷിങ് മെഷീൻ മാത്രമുള്ള യൂണിറ്റുകൾ പ്രതിവർഷം 1.20 ലക്ഷം രൂപ കോമ്പൗണ്ടഡ് നികുതിയായി അടയ്ക്കേണ്ടതാണ്.

* കൂടാതെ, കോമ്പൗണ്ടിംഗ് നികുതി ഒടുക്കുന്ന ക്രഷിങ് മെഷീൻ/ കോൺ ക്രഷർ ഉള്ളവർ അതിൽ നിന്നുള്ള മെറ്റൽ, മാനുഫാക്ചേർഡ് സാൻഡിന്റെ നിർമ്മാണത്തിനായി vertical/ horizontal shaft Impactor ഉപയോഗിക്കുമ്പോൾ ഇത്തരക്കാർ ഓരോ vertical/ horizontal shaft Impactor മെഷീനുകൾക്കും ടി മെഷീനുകൾക്ക് നിശ്ചയിച്ചിരിക്കുന്ന കോമ്പൗണ്ടഡ് നികുതിയുടെ 60 ശതമാനം എന്ന നിരക്കിൽ കോമ്പൗണ്ടഡ് നികുതി അടയ്ക്കേണ്ടതാണ്. ഈ നികുതി ഇവർ ക്രഷർ മെഷീനുകൾക്ക് നൽകുന്ന കോമ്പൗണ്ടഡ് നികുതിക്ക് പുറമേ ആയിരിക്കും.

കോമ്പൗണ്ടഡ് നികുതി വാർഷികാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. ഇത് 12 തുല്യമാസതവണകളായി അടയ്ക്കേണ്ടതുമാണ്.